# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2673 — 10.12.2014- ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ആരോഗ്യ സർവ്വകലാശാല

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആരോഗ്യ സർവ്വകലാശാല തുടങ്ങിയശേഷം നാളിതുവരെയുളള ആരോഗ്യ സർവ്വകലാശാലയിലെ നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ, അഴിമതി, സ്വജനപക്ഷപാതം എന്നിവ വഴി എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായി ലോക്കൽ ഫണ്ട് ഓഡിറ്റ്, ആരോഗ്യ വകുപ്പ് തുടങ്ങിയവയുടെ അന്വേഷണത്തിൽ കണ്ടെത്തി; | (എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2010-11 കാലത്ത് നടത്തിയ പരിശോധനയെത്തുടർന്ന് സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ യഥാർത്ഥ വസ്തുതകൾ വിവരിച്ചുകൊണ്ട് സർവ്വകലാശാല സർക്കാരിനും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറുപടി സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലക്ക് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. |
| (ബി) പ്രസ്തുത കെടുകാര്യസ്ഥത മൂലം സംഭവിച്ച നഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ഉൾപ്പെടെയുളള മറ്റ് തുക എത്ര; എത്ര തുക നാളിതുവരെ ലഭിച്ചു; എത്ര നഷ്ടമായി; നഷ്ടമായതിനു കാരണം എന്ത് എന്ന് വ്യക്തമാക്കുമോ; | (സി) 2010-11 മുതൽ നാളിതുവരെയും ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുളള കോളേജുകളിലെ അഫിലിയേഷന്റേയും അനുബന്ധ ഫീസുകളുടെയും ഡിമാന്റ് കളക്ഷൻ ബാലൻസും എക്സസ് സ്റ്റേറ്റ്മെന്റും പിരിഞ്ഞുകിട്ടേണ്ടുന്നതായ 134697250 രൂപയിൽ 9.5 കോടി രൂപ ദന്തൽ, മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ കേരള ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച സ്റ്റേ പ്രകാരം പിരിഞ്ഞ് കിട്ടിയിട്ടില്ല. ബാക്കി തുക ഗവൺമെന്റ് മെഡിക്കൽ, ദന്തൽ കോളേജുകളുടെയും കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളിലേതുമാണ്. ഇവയ്ക്കായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. |
| (ഡി) ആരോഗ്യ സർവ്വകലാശാലയിലെ കെടുകാര്യസ്ഥതയും അഴിമതിയും ഇല്ലാതാക്കാനും സർവ്വകലാശാലയുടെ പ്രവർത്തനം കുറ്റമറ്റതാക്കാനും സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ